(Pages : 6 + Outline Map of India)

**S 1718**

Sl. No. 2067478

# SSLC EXAMINATION, MARCH - 2022

## SOCIAL SCIENCE

(Malayalam)

Time : 2½ Hours | Total Score : 80

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ **15** മിനിറ്റ് സമാശ്വാസ സമയം ഉണ്ടായിരിക്കും. ഈ സമയം ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- വ്യത്യസ്ത സ്കോറുകളുള്ള ചോദ്യങ്ങൾ വിവിധ പാർട്ടുകളിലായാണ് നൽകിയിരിക്കുന്നത്.
- ചോദ്യങ്ങളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- **1** മുതൽ **35** വരെയുള്ള ചോദ്യങ്ങൾക്ക് **80** സ്കോർ ആയിരിക്കും പരമാവധി ലഭിക്കുക.

Score

**പാർട്ട് - I**

**1 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക് 1 സ്കോർ വീതം.**

**A. 1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.**

**4x1=4**

**1.** ബ്രിട്ടീഷുകാർക്കെതിരായ ചെറുത്തുനിൽപ്പിന് പഴശ്ശിരാജ നേതൃത്വം നൽകിയ സ്ഥലം :

(a) കൊച്ചി  (b) തിരുവിതാംകൂർ
(c) മലബാർ  (d) കൊല്ലം

**2.** ഭൂപ്രതലത്തിൽ നിന്നും ഭൗമോപരിതലത്തിന്റെ ചിത്രങ്ങൾ ക്യാമറ ഉപയോഗിച്ച് പകർത്തുന്ന രീതി :

(a) ആകാശീയ വിദൂര സംവേദനം
(b) ഭൂതലഛായാഗ്രഹണം
(c) ഉപഗ്രഹ വിദൂര സംവേദനം
(d) പരോക്ഷ വിദൂരസംവേദനം

**3.** അഖിലേന്ത്യാ സർവീസിന് ഒരു ഉദാഹരണം.

(a) ഇന്ത്യൻ റെയിൽവേ സർവീസ്
(b) സെയിൽസ് ടാക്സ് ഓഫീസർ
(c) സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷൻ
(d) ഇന്ത്യൻ പോലീസ് സർവീസ്

P.T.O.

www.examwinner.com

Score

4. ചുവടെ നൽകിയിരിക്കുന്നവയിൽ ത്രികക്ഷി സൗഹാർദ്ദത്തിലെ അംഗരാഷ്ട്രമേത് ?

(a) ഫ്രാൻസ്
(b) ജർമനി
(c) ഇറ്റലി
(d) ആസ്ട്രിയ - ഹംഗറി

5. സെപ്റ്റംബർ 23 മുതൽ ഡിസംബർ 22 വരെയുള്ള കാലയളവിൽ ഉത്തരാർദ്ധ ഗോളത്തിൽ അനുഭവപ്പെടുന്ന പ്രധാന ഋതുവിന്റെ പേരെഴുതുക.

(a) വേനൽകാലം
(b) ഹേമന്തകാലം
(c) വസന്തകാലം
(d) ശൈത്യകാലം

6. 'ഗ്രാമീണ ചെണ്ടക്കാരൻ' (Village Drummer) ആരുടെ ചിത്രമാണ് ?

(a) രാജാ രവിവർമ്മ
(b) അബനീന്ദ്രനാഥ ടാഗോർ
(c) നന്ദലാൽ ബോസ്
(d) അമൃതാ ഷേർഗിൽ

**B. 7 മുതൽ 10 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.** **4x1=4**

7. ചുവടെ നൽകിയിരിക്കുന്നവയിൽ 'കുടുംബ ശ്രീ' ഏത് വിഭാഗത്തിൽ പെടുന്നു ?

(a) മൈക്രോ ഫിനാൻസ്
(b) മ്യൂച്ച്വൽഫണ്ട് സ്ഥാപനങ്ങൾ
(c) ഇൻഷ്വറൻസ് കമ്പനികൾ
(d) ബാങ്കിതര ധനകാര്യ കമ്പനികൾ

8. കുളച്ചൽ യുദ്ധവുമായി ബന്ധപ്പെട്ടിരിക്കുന്നത് :

(a) കുഞ്ഞാലി മരക്കാർ
(b) പാലിയത്തച്ഛൻ
(c) സാമൂതിരി
(d) മാർത്താണ്ഡവർമ്മ

9. ചുവടെ നൽകിയിരിക്കുന്നവയിൽ ധാതു അധിഷ്ഠിത വ്യവസായമേത് ?

(a) പഞ്ചസാര വ്യവസായം
(b) ചണ വ്യവസായം
(c) ഇരുമ്പുരുക്ക് വ്യവസായം
(d) പരുത്തിത്തുണി വ്യവസായം

www.examwinner.com

Score

10. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ ചുമതലയിൽ പെടുന്നത് :

(a) ക്രമസമാധാനം പാലിക്കുക

(b) ചികിത്സാ സൗകര്യം ഒരുക്കുക

(c) വരുമാന സർട്ടിഫിക്കറ്റ് നൽകുക

(d) കൃഷി പ്രോത്സാഹിപ്പിക്കുക

## പാർട്ട് - II

**11 മുതൽ 18 വരെയുള്ള ചോദ്യങ്ങൾക്ക് 2 സ്കോർ വീതം.**

**A. 11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക.** 3x2=6

11. രണ്ടു വിധത്തിലുള്ള നികുതികൾ ഏതെല്ലാമെന്ന് സൂചിപ്പിക്കുക.

12. ജലഗതാഗതത്തിന്റെ ഏതെങ്കിലും രണ്ടു മേന്മകൾ എഴുതുക.

13. പൗരബോധം വളർത്തുന്നതിൽ കുടുംബത്തിനുള്ള പങ്ക് വ്യക്തമാക്കുക.

14. ഉപഭോക്താവിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി പ്രവർത്തിക്കുന്ന ഏതെങ്കിലും രണ്ട് വകുപ്പുകളുടെയോ സ്ഥാപനങ്ങളുടെയോ പേരെഴുതുക.

15. ധരാതലീയ ഭൂപടങ്ങളുടെ രണ്ട് ഉപയോഗങ്ങൾ എഴുതുക.

**B. 16 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക.** 2x2=4

16. ഇ-ഗവേണൻസ് എന്നാൽ എന്ത് ?

17. സാധനങ്ങൾ വാങ്ങുമ്പോഴും സേവനങ്ങൾ ഉപയോഗിക്കുമ്പോഴും ഉപഭോക്താക്കൾ പ്രതീക്ഷിക്കുന്നതെന്ത് ?

18. ഇന്ത്യയിലെ ദ്വീപ സമൂഹങ്ങൾ ഏതെല്ലാം ?



www.examwinner.com

Score

## പാർട്ട് - III

**19 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് 4 സ്കോർ വീതം.**

**A. 19 മുതൽ 23 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക.** 3x4=12

**19.** മാനവ വിഭവശേഷി മെച്ചപ്പെടുത്തുന്നത് കൊണ്ടുള്ള ഏതെങ്കിലും നാല് പ്രയോജനങ്ങൾ എഴുതുക.

**20.** ഇന്ത്യയും ചൈനയും ഒപ്പിട്ട പഞ്ചശീല കരാറിലെ ഏതെങ്കിലും നാല് തത്ത്വങ്ങൾ എഴുതുക.

**21.** സമൂഹശാസ്ത്ര പഠനത്തിൽ സാധാരണയായി ഉപയോഗിക്കുന്ന നാല് പഠനരീതികളുടെ പേരെഴുതുക.

**22.** വിദ്യാഭ്യാസം രാജ്യത്തിന്റെ വികസനത്തെ സഹായിക്കുന്നതെങ്ങനെയെന്ന് വിശദമാക്കുക.

**23.** ചുവടെ തന്നിട്ടുള്ള ഭൂവിവരങ്ങളെ നൽകിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തി പേരെഴുതുക.

(a) പശ്ചിമഘട്ടം (b) മാൾവാ പീഠഭൂമി

(c) മുംബൈ തുറമുഖം (d) കാവേരി നദി

**B. 24 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് ഉത്തരമെഴുതുക.** 1x4=4

**24.** **'A'** കോളത്തിന് അനുയോജ്യമായവ **'B'** കോളത്തിൽ നിന്നും കണ്ടെത്തി പട്ടിക ക്രമപ്പെടുത്തുക.

| A | B |
|---|---|
| രാമകൃഷ്ണ മിഷൻ | ആനിബസന്റ് |
| അലിഗഢ് പ്രസ്ഥാനം | രാജാറാം മോഹൻ റായ് |
| തിയോസഫിക്കൽ സൊസൈറ്റി | സ്വാമി വിവേകാനന്ദൻ |
| ബ്രഹ്മസമാജം | സർ സയ്യിദ് അഹമദ് ഖാൻ |

**25.** ഇന്ത്യയുടെ കാലാവസ്ഥയെ സ്വാധീനിക്കുന്ന ഏതെങ്കിലും നാല് ഘടകങ്ങൾ എഴുതുക.

www.examwinner.com

Score

## പാർട്ട് - IV

**26 മുതൽ 32 വരെയുള്ള ചോദ്യങ്ങൾക്ക് 6 സ്കോർ വീതം.**

**A. 26 മുതൽ 29 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക.** **3x6=18**

**26.** ചുവടെ നൽകിയിരിക്കുന്നവയ്ക്ക് ഉത്തരമെഴുതുക.

(a) രാഷ്ട്രത്തിന്റെ നിർബന്ധിത ചുമതലകൾ ഏതെല്ലാം ?

(b) രാഷ്ട്ര രൂപീകരണ സിദ്ധാന്തങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന്റെ പേരെഴുതുക.

**27.** ലഘു കുറിപ്പ് തയ്യാറാക്കുക.

(a) ഇലക്ട്രോണിക് ബാങ്കിങ് (E-Banking)

(b) കോർ ബാങ്കിങ് (CORE Banking)

**28.** ചുവടെ നൽകിയിരിക്കുന്നവ വിശദമാക്കുക.

(a) ശാശ്വത ഭൂനികുതി വ്യവസ്ഥയുടെ സവിശേഷതകൾ

(b) മഹൽവാരി വ്യവസ്ഥ

**29.** ലഘു കുറിപ്പ് എഴുതുക.

(a) ഗ്രീനിച്ച് സമയം (GMT)

(b) ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം (IST)

**B. 30 മുതൽ 32 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക.** **2x6=12**

**30.** ഫാഷിസത്തിന്റെ സവിശേഷതകൾ വിശദമാക്കുക.

**31.** ഇന്ത്യയിലെ നാണ്യവിളകളെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

**32.** പൗരബോധത്തിന്റെ അഭാവം മൂലം സമൂഹത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ വിവരിക്കുക. പൗരബോധം രൂപപ്പെടുത്തുന്ന പ്രധാന ഘടകങ്ങൾ ഏതെല്ലാം ?



www.examwinner.com

Score

## പാർട്ട് - V

**33 മുതൽ 35 വരെയുള്ള ചോദ്യങ്ങൾക്ക് 8 സ്കോർ വീതം.**

**A. 33 മുതൽ 35 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക.**

2x8=16

**33.** ചുവടെ നൽകിയിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ നിസ്സഹകരണ പ്രസ്ഥാനത്തെ വിശകലനം ചെയ്യുക.

- നിസ്സഹകരണ പ്രസ്ഥാനത്തിന്റെ സവിശേഷതകൾ
- ഇന്ത്യൻ സമൂഹം ഗാന്ധിജിയുടെ ആഹ്വാനം സ്വീകരിച്ചതിലുള്ള ഉദാഹരണങ്ങൾ
- ചൗരിചൗരാ സംഭവം

**34.** കുറിപ്പ് തയ്യാറാക്കുക.

(a) ആഗോള വാതങ്ങൾ (ഏതെങ്കിലും രണ്ടെണ്ണം)

(b) ആഗോള മർദ്ദമേഖലകൾ (ഏതെങ്കിലും രണ്ടെണ്ണം)

**35.** അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിന്റെ കാരണങ്ങളും അനന്തരഫലങ്ങളും വിവരിക്കുക.

**സൂചനകൾ :**

- മെർക്കന്റലിസ്റ്റ് നിയമങ്ങൾ
- ചിന്തകർ
- ഒന്നും രണ്ടും കോണ്ടിനെന്റൽ കോൺഗ്രസുകൾ
- അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിന്റെ സ്വാധീനം


-oOo-

www.examwinner.com

For Question Number : 23

2053797 S 1719

# India



www.examwinner.com